പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 592 — 28/9/2016 ൽ മറുപടിക്ക്

## കന്നുകാലികളിലെ മാൾട്ടപ്പനി രോഗം

ചോദ്യം — മറുപടി

**ശ്രീ. എൽദോ എബ്രഹാം:** — **അഡ്വ .കെ.രാജു**

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കന്നുകാലികളിൽ മാൾട്ടപ്പനി രോഗം കണ്ടെത്തിയതായി മൃഗ സംരക്ഷണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് കണ്ടെത്തിയതായി അറിയിച്ചതെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | എ) | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം പഞ്ചായത്തിലുള്ള കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ .ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴംകുന്നിൽ നിന്നും തൊണ്ണൂറോളം കന്നുകാലികൾക്ക് 2015 ഒക്ടോബറിലും, തൃശ്ശൂർ ജില്ലയിൽ മേലൂർ പഞ്ചായത്തിൽ മുരിങ്ങൂർ ഡിവൈൻ ഫാമിൽ 52 പശുക്കൾക്ക് 2016 ഏപ്രിലിലും രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെ ശാസ്ത്രീയ രീതിയിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | രോഗം കണ്ടെത്തിയിട്ടും യഥാസമയം അറിയിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്യാത്ത ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | ബി) | രോഗം യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും ഫാമിലെ കന്നുകാലികളിൽ രോഗം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവിടെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | സി) | വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ തൊണ്ണൂറോളം കന്നുകാലികൾക്ക് ബ്രൂസെലോസിസ് രോഗം (മാൾട്ടപ്പനി) സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. രോഗബാധിത കന്നു കാലികളെ മൃഗക്ഷേമ ബോർഡിന്റെ ശുപാർശ പ്രകാരം ശാസ്ത്രീയമായി ദയാവധം ചെയ്ത് ചട്ടങ്ങളനുസരിച്ച് മറവ് ചെയ്യാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. ഫാമിലെ ജീവനക്കാർക്ക് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ ബോധവൽക്കരണ ക്ലാസുകൾ എടുക്കുകയുണ്ടായി. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ബ്രൂസെലോസിസ് രോഗം മറ്റു കാലികൾക്ക് പടരാതിരിക്കാനായി എല്ലാവിധ സുരക്ഷാ ക്രമീകരണങ്ങളും എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ